# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3919 — 15/5/2017 -ലെ മറുപടി

## നഗരങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് എ.ഡി.ബി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എം.വിൻസെന്റ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നഗരങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ലഭ്യമാക്കുന്നതിന് സാമ്പത്തിക സഹായത്തിനായി ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. തുടർന്ന് പദ്ധതിയുടെ പ്രാഥമിക രൂപരേഖ (PPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) എങ്കിൽ എന്നത്തേക്ക് പദ്ധതി പ്രാവർത്തികമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിച്ചതിനുശേഷം എ.ഡി.ബി യുടെയും അംഗീകാരം ലഭ്യമായാൽ മാത്രമേ പദ്ധതി ആരംഭിക്കാനാവുകയുള്ളൂ. |
| (സി) എന്ത് തുകയാണ് പ്രസ്തുത പദ്ധതിക്ക് എ.ഡി.ബി. സഹായമായി ലഭ്യമാകുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ എത്ര തുക വേണമെന്ന് നിശ്ചയിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/